# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3800 — 25.06.2013-ൽ മറുപടിക്ക്

### ചെക്കുപോസ്റ്റുകൾ ആധുനികവൽക്കരിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകൾ ആധുനികവൽക്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) | സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകൾ ആധുനികവൽക്കരിക്കുന്നതിന് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. പ്രധാനപ്പെട്ട എല്ലാ എ-ക്ലാസ്സ്, ബി-ക്ലാസ് ചെക്ക്പോസ്റ്റുകളിലും ഓൺലൈൻ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് ചെക്ക്പോസ്റ്റുകളും ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ അതിർത്തിചെക്ക്പോസ്റ്റുകളിലൂടെ സംസ്ഥാനത്ത് കടന്നുവരികയും പോവുകയും ചെയ്യുന്ന ചരക്കുകളുടെ തത്സമയ സഞ്ചാരപഥം ടിൻ/പിൻ ഡീലർമാരുടെ മൊബൈൽഫോണിൽ അലർട്ട് മെസ്സേജ്, എസ്.എം.എസ്. ആയി ലഭിക്കുന്ന വിധത്തിലുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ ഡീലർമാർക്ക് ഇ-ഡിക്ലറേഷൻ സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ സി.സി.ടി.വി. സംവിധാനം അമരവിള ചെക്ക്പോസ്റ്റിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതേ സംവിധാനം മറ്റു പ്രധാന ചെക്ക്പോസ്റ്റുകളിലും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

<table>
<tr><td></td><td></td><td></td><td>അതിർത്തി കടന്നുവരുന്ന വാഹനങ്ങൾ കർശന പരിശോധന നടത്തുന്നതിനും ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുമായി പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളെല്ലാം സംയോജിത ചെക്ക്പോസ്റ്റുകളാക്കി മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ആദ്യ പടിയായി അമരവിളയിൽ സംയോജിത ചെക്ക്പോസ്റ്റിന്റെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഗുജറാത്ത്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള സംയോജിത ചെക്ക്പോസ്റ്റുകളെക്കുറിച്ച് സർക്കാർ നിയമിച്ച ഒരു വിദഗ്ദ്ധ സമിതി പഠനം നടത്തി റിപ്പോർട്ട് നല്കിയിട്ടുണ്ട്. വാളയാറിൽ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തി സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബംഗ്ര മഞ്ചേശ്വരത്ത് ആധുനിക രീതിയിലുള്ള സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.</td></tr>
<tr><td>(ബി)</td><td>കഴിഞ്ഞ രണ്ട് വർഷങ്ങളായി സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകളിൽ നിന്നും ലഭിച്ച വരുമാനം എത്രയെന്നു ഇനം തിരിച്ച് വ്യക്തമാക്കുമോ?</td><td>(ബി)</td><td>
<table>
<tr><th>ഇനം</th><th>2011-12 (രൂപ കോടിയിൽ)</th><th>2012-13 (രൂപ കോടിയിൽ)</th></tr>
<tr><td>സെക്യൂരിറ്റി ഡെപ്പോസിറ്റ്</td><td>44.19</td><td>42.32</td></tr>
<tr><td>അഡ്വാൻസ് ടാക്സ്</td><td>615.22</td><td>882.69</td></tr>
<tr><td>മറ്റുള്ളവ</td><td>0.31</td><td>-</td></tr>
<tr><td>ആകെ</td><td>659.72</td><td>925.01</td></tr>
</table>
</td></tr>
</table>

സെക്ഷൻ ഓഫീസർ